**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5523** **24-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് ആശുപത്രികളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018 മുതൽ അന്യത്ര സേവന വ്യവസ്ഥ വഴി മാത്രം നിയമനം നടന്നിരുന്ന സംസ്ഥാനത്തെ പോലീസ് ആശുപത്രികളിൽ 2019-ൽ ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് വഴി (ഇ.എ2-1000/2018/ഡി.എച്ച്.എസ്. തീയതി.15/06/2019) മെഡിക്കൽ ഓഫീസർമാരെ നിയമിച്ചതിൽ സാമ്പത്തികമായോ മറ്റേതെങ്കിലും വിധത്തിലോ ഉള്ള അഴിമതി നടന്നിട്ടുണ്ടോ എന്ന് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; ഇല്ലെങ്കിൽ വകുപ്പ് തല അന്വേഷണം നടത്താൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ; | (എ) | അത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | കൊല്ലം പോലീസ് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ രോഗികളോട് അപമര്യാദയായി പെരുമാറി ചികിത്സ നിഷേധിക്കുക വഴി സർവീസിൽ ഗുരുതരമായ ചട്ട ലംഘനം നടത്തി എന്ന പരാതി വകുപ്പിന് കിട്ടിയിട്ടുണ്ടോ; അതിന്മേൽ വേണ്ട അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; ഇല്ലെങ്കിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ; | (ബി) | (എ)യിൽ ചേർത്തിട്ടുണ്ട്. |
| (സി) | മേൽ പറയുന്ന ഗുരുതര ആരോപണങ്ങൾ നേരിടുന്ന ജീവനക്കാരെ പ്രസ്തുത ആശുപത്രികളിൽ തുടർന്ന് നിയമിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ